# Athmaraksha.org

യഥാർത്ഥ ക്രൈസ്തവ ജീവിതം

## നല്ല സമരായനെപ്പോലെ ആയിരിക്കുക: ഫ്രാൻസിസ് പാപ്പ



നല്ല സമരായക്കാരന്റെ മാതൃക പിന്തുടരണമെന്ന് ഫ്രാൻസിസ് പാപ്പ. നിസ്സഹായാവസ്ഥയിൽ പെട്ടവർക്ക് നമ്മുടെ സഹായം ലഭ്യമാക്കണം. മുറിവേറ്റവരെ സഹായിക്കുക എന്നത് നമ്മുടെ ദൗത്യവും ശീലവുമായിരിക്കണം. അവരെ ചേർത്തു നിർത്തണം അവരുടെ മുറിവുകൾ വെച്ചു കെട്ടി വേദനകൾ സൗഖ്യമാക്കണം. വത്തിക്കാനിൽ തന്നെ സന്ദർശിക്കാനെത്തിയ പ്രോലൈഫ് പ്രവർത്തകരോട് ഫ്രാൻസിസ് പാപ്പ പറഞ്ഞു.

ആത്മാവും മനസ്സും തകർന്ന മനുഷ്യർക്ക് നാം സമീപസ്ഥരാകണം. ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിച്ചുകൊണ്ട് അവരുടെയിടയിലേക്ക് ഇറങ്ങിച്ചെല്ലണം. ജറുസലേമിൽ നിന്നും ജറീക്കോയിലേക്കു പോകുന്ന വഴി സകലതും കൊള്ളയടിക്കപ്പെട്ട് മുറിവേൽക്കപ്പെട്ട യാത്രക്കാരന്റെ മുറിവുകൾ വെച്ചുകെട്ടിയ സമരിയാക്കാരനായിരിക്കണം നമ്മുടെ മാതൃക.

മനുഷ്യജീവനമേലുള്ള വെല്ലുവിളികൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. അപരന്റെ മുറിവുകൾ വെച്ചു കെട്ടാനും അവനോട് സഹതപിക്കാനും സൻമനസ്സു കാണിക്കുന്ന മനുഷ്യർ വളരെ വിരളമായേ ഉള്ളൂ. ദാരിദ്ര്യമനുഭവിക്കുന്ന, ചൂഷണം ചെയ്യപ്പെടുന്ന മനുഷ്യരോടു കരുതലുള്ളവരായിരിക്കണം നമ്മൾ.

നമുക്കു ചുറ്റുമുള്ള നിരവധി കുടുംബങ്ങൾ ദാരിദ്ര്യം മൂലം കഷ്ടതയനുഭവിക്കുന്നുണ്ട്. കുടുംബങ്ങളിലും സുഖപ്പെടുത്തേണ്ട അനേകം മുറിവുകളുണ്ട്. കുടുംബങ്ങളിൽ ഒറ്റപ്പെടലും വേദനയുമനുഭവിക്കുന്നവരുടെ നൊമ്പരത്തിൽ പങ്കു ചേരണമെന്നും ഫ്രാൻസിസ് പാപ്പ പറഞ്ഞു.